**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബൈ-ട്രാൻസ്ഫർ വ്യവസ്ഥയിൽ നിയമനം നടത്തേണ്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് stop gap arrangement ആയി കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 9 (a) (i) പ്രകാരം നൽകിയ പ്രൊമോഷനുകൾ ഉത്തരവ്വ തീയതി മുതൽ പ്രാബല്യത്തിൽ കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 31 (a) (i) പ്രകാരമുള്ള താൽക്കാലിക പ്രൊമോഷനായി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. .

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2569/2018//ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 06.10.2018.**

---

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 19.07.2018-ലെ 6740/എസ്റ്റാ.ബി.1/18/സി.ആർ.ഡി. നമ്പർ നടപടിക്രമം.

2) ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2017-ലെ നിവേദനം

3) ഗ്രാമവികസന കമ്മീഷണറുടെ 04.08.2018-ലെ 6740/എസ്റ്റാ.ബി.1/18/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയിൽ ബൈട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാതിരിക്കുകയും ബഹുഭൂരിപക്ഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്തിരുന്ന സാഹചര്യത്തിൽ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുന്ന ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ/ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തസ്തികയിലുള്ളവർക്ക് കെ.എസ്.&എസ്.എസ്.ആർ ഭാഗം II റൂൾ 9 (a) (i) പ്രകാരം stop gap arrangement ആയി സൂചന (1) പ്രകാരം താൽക്കാലിക പ്രൊമോഷൻ അനുവദിച്ച് നൽകിയിരുന്നു. കെ.എസ്.& എസ്.എസ്.ആർ ഭാഗം II റൂൾ 9 (a) (i) പ്രകാരം stop gap arrangement ആയി താൽക്കാലിക പ്രൊമോഷൻ അനുവദിച്ച് നൽകുന്നത് ഡി.പി.സി. സെലക്ട് ലിസ്റ്റിൽ നിന്നും ആകണമെന്ന് നിബന്ധനയില്ലാത്തതിനാൽ ബിരുദ യോഗ്യതയുള്ള, അച്ചടക്ക നടപടികളൊന്നും നിലവിലില്ലാത്ത, സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട, ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ/ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്ക് തസ്തികയിലുള്ളവർക്ക് താൽക്കാലിക പ്രൊമോഷൻ നൽകി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശേഷാൽ ചട്ടങ്ങൾ നിലവിലുള്ള വകുപ്പുകളിൽ സെലക്ട് ലിസ്റ്റോ സീനിയോറിറ്റി ലിസ്റ്റോ നിലവിലില്ലാത്ത സാഹചര്യത്തിൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 31 (a) (i) പ്രകാരമുള്ള താല്ക്കാലിക സ്ഥാനക്കയറ്റവും വിശേഷാൽ ചട്ടങ്ങൾ നിലവിലില്ലാത്ത വകുപ്പുകളിൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 9 (a) (i) പ്രകാരമുള്ള താൽക്കാലിക നിയമനവുമാണ് അനുവദിക്കുന്നത്. ഗ്രാമവികസന വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുള്ള സാഹചര്യത്തിൽ, വിശേഷാൽ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന ഫീഡർ കാറ്റഗറിയിൽ നിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയിലേക്ക് കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 31 (a) (i) പ്രകാരമുള്ള താൽക്കാലിക സ്ഥാനക്കയറ്റമായിരുന്നു അനുവദിക്കേണ്ടിയിരുന്നത്.

3) മേൽ സാഹചര്യത്തിൽ, stop gap arrangement ആയി താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്ന വിഷയത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(i) ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1) പ്രകാരമുള്ള നടപടി ക്രമം, വ്യവസ്ഥകളിൽ വ്യത്യാസമില്ലാതെ 19.07.2018 തീയതി പ്രാബല്യത്തിൽ കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 31 (a)(i) പ്രകാരമുള്ള താൽക്കാലിക പ്രൊമോഷനാണ് നൽകുന്നതെന്ന തരത്തിൽ പരിഷ്കരിച്ച് ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ii) ഇപ്രകാരമുള്ള പ്രൊമോഷന് ബിരുദ യോഗ്യതയുള്ളവരും അച്ചടക്ക നടപടികളൊന്നും നിലവിലില്ലാത്തവരും സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ/ ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്ക് തസ്തികയിലുള്ളവരെ പരിഗണിക്കേണ്ടതാണ്.

(iii) മേൽ പറഞ്ഞ പ്രകാരം താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാർക്ക് താഴ്ന്ന ശമ്പളസ്കെയിലിലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ, പ്രൊമോഷൻ തസ്തികയുടെ ഉയർന്ന ശമ്പളസ്കെയിലിൽ ശമ്പള നിർണ്ണയത്തിനും തുടർന്നുള്ള ഇൻക്രിമെന്റുകൾക്കും അർഹതയുണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ